"ഭരണഭാഷ - മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം

150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ്ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424
ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ് ): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

നമ്പർ . സി.എസ്.സി./ സേഫ്റ്റി-ജനറൽ / 2018-19 / 711 തീയതി : 27 03.2019

**25.3.2019 ന് തിരുവനന്തപുരം വൈദ്യുതി ഭവൻ ചീഫ് സേഫ്റ്റി കമ്മീഷണരുടെ ക്യാബിനിൽ വച്ച് നടന്ന യോഗത്തി ന്റെ മിനിട്സ്**

**പങ്കെടുത്തവർ**

1..ശ്രീ. ആർ . സുകു, ചീഫ് സേഫ്റ്റി കമ്മിഷണർ , വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം

2. ശ്രീ മോഹനൻ .കെ.ആർ ചീഫ് സേഫ്ടി ഓഫീസർ ,ഇലക്ട്രിക്കൽ സർക്കിൾ ,ഇരിഞ്ഞാലക്കുട

3. ശ്രീ റോബി ജോർജ് ,എക്സിക്യൂട്ടിവ് എഞ്ചിനിയർ ,ഇലക്ട്രിക്കൽ ഡിവിഷൻ കൊടുങ്ങല്ലൂർ

4. ശ്രീ.ഹരികൃഷ്ണ,എക്സിക്യൂട്ടിവ് എഞ്ചിനിയർ ,ചീഫ് സേഫ്ടി കമ്മിഷണ റുടെ ഓഫീസ്

5. ശ്രീമതി ശ്രീരേഖ ,കെ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ , ഇലക്ട്രിക്കൽ സബ്ഡിവിഷൻ , തൃപ്രയാർ

6. ശ്രീമതി അൽഫോൻസ .സി.എ ,അസിസ്റ്റന്റ് എഞ്ചിനിയർ , ഇലക്ട്രിക്കൽ സെക്ഷൻ ,തളിക്കുളം.

7. ശ്രീ .രതീഷ് .ജി,സബ് എഞ്ചിനിയർ ,ഇലക്ട്രിക്കൽ സെക്ഷൻ ,തളിക്കുളം.

8. ശ്രീ. ഡി . ജയശങ്കർ , AEE, ചീഫ് സേഫ്ടി കമ്മിഷണ റുടെ ഓഫീസ്

9. ശ്രീമതി. ദർശന .എൻ , AE, ചീഫ് സേഫ്ടി കമ്മിഷണ റുടെ ഓഫീസ്

ഇക്യു പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതിയെ തെറ്റായി വ്യാഖ്യാനിച്ച് ചില ജീവനക്കാർ തെറ്റായ വിവരങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നത്തിന്റെ അടിസ്ഥാനത്തിൽ കൂടിയ യോഗം 25/3/2019 ഉച്ചയ്ക്ക് 1.30-ന് ചീഫ് സേഫ്റ്റി കമ്മീഷണരുടെ ക്യാബിനിൽ കൂടി വിശദാംശങ്ങൾ ചർച്ച ചെയ്തു.

അവിചാരിതമായി വൈദ്യുതി വർക്ക് സൈറ്റിലേക്ക് കടന്നു വന്നാൽ ലൈനിൽ ജോലി ചെയ്യുന്നവർക്ക് ഷോക്ക് ഏൽക്കാതിരിക്കാനായിട്ട് വർക്ക് സൈറ്റുകൾ സീറോ പൊട്ടെൻഷ്യൽ ആക്കുക എന്നത് പ്രായോഗികമല്ല. ആയതിനാലാണ അത്തരം സന്ദർഭങ്ങളിൽ വർക്ക് ചെയ്യുന്ന സ്ഥലത്തിനു ചുറ്റും ഒരേ വോൾട്ടതയിലുള്ള വലയം തീർക്കുന്നഇക്യു പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതി ലോകത്താകെ വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നതിനു സ്വീകരിക്കുന്നത്.

വർക്ക് സൈറ്റിൽ സ്വീകരിക്കേണ്ട സുരക്ഷ എർത്തിംഗ് രീതിയായ ഇക്യു പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതിയെ തെറ്റായി വ്യാഖ്യാനിച്ച് ചില ഓഫീസുകളിൽ ചില ജീവനക്കാർ തെറ്റായ വിവരങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നത് സുരക്ഷ വിഭാഗത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ആയതിനു അടിസ്താനമായ ഒരു കത്ത് ഉള്ളടക്കം ചെയ്തിട്ടുള്ളത് ശ്രദ്ധിക്കുക.

ഈ വിഷയം ബന്ധപ്പെട്ട സെക്ഷൻ സബ് എഞ്ചിനിയർ, അസി എഞ്ചിനിയർ, അസി എക്സി എഞ്ചിനിയർ, എക്സി എഞ്ചിനിയർ, ചീഫ് സേഫ്റ്റി ഓഫീസർ തുടങ്ങിയവരുടെ യോഗം വിളിച്ച് പരിശോധിച്ചു.ഇത്തരത്തിലൊരു കത്ത് അയക്കിനിടയായ കാര്യം സബ് എഞ്ചിനിയർ വിശദീകരിച്ചു.

ഈ ചർച്ചയുടെ വിശദാംശം എല്ലാ സെക്ഷനിലും വായിക്കുകയും ചർച്ച ചെയ്യുന്നതും വ്യക്തത വരുത്താൻ സഹായകരമായിരിക്കും. ജീവനക്കാർക്കിടയിൽ തെറ്റിധാരണക്കിടയാക്കിയ കത്ത് സംബന്ധിച്ച യോഗത്തിന്റെ മിനിറ്റ്സ് ചുവടെ കുറിക്കുന്നു,

LED സ്ട്രീറ്റ് ലൈറ്റ് നന്നാക്കുന്നതിനായി ട്രാൻസ്ഫോമറിന്റെ ഫീഡറിന്റെ ഫ്യൂസ് ഊരി ഫേസുകൾ ഷോർട്ട് ചെയ്തു. ശേഷം വർക്ക് സൈറ്റിൽ ഇക്യൂ പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് ചെയ്യുന്നതിനായി സ്പൈക്കിൽ ക്ലിപ്പ് പിടിപ്പിച്ച് എർത്ത് റോഡ് തൂക്കിയ ശേഷം ഷോർട്ടിംഗ് ക്ലിപ്പിന്റെ ക്ലിപ്പ് സ്പൈക്കിൽ പിടിപ്പിച്ചപ്പോൾ ചെറിയ തരിപ്പ് അനുഭവപ്പെട്ടു. തുടർന്ന് ട്രാൻസ്ഫോമറിന്റെ ന്യൂട്രൽ കൂടി ഫേസിനൊപ്പം ഷോർട്ടിംഗ് ക്ലിപ്പ് ഉപയോഗിച്ച് എർത്ത് ചെയ്തു. പിന്നീട് ആ തരിപ്പ് ഇല്ലാതായി എന്നും ഇക്യൂ പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതി ചെയ്ത് ജോലി ചെയ്തുന്നുമാണ്. ഇക്യൂ പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതി ചെയ്ത് ~~ജോലി ചെയ്ത്~~ വർക്ക് സൈറ്റിൽ ജോലി ചെയ്യുന്നത് സുരക്ഷിതമാണെന്ന് തനിക്കറിയാമെന്നും ആ നിലയിൽ ചെയ്യിക്കാറുള്ളതെന്നും സബ് എഞ്ചിനിയർ ആവർത്തിച്ച് വ്യക്തമാക്കി. എന്നാൽ തുടർന്ന് സബ് എഞ്ചിനിയർ സ്പൈക് വഴി എർത്ത് ചെയ്ത ശേഷം എന്തു കൊണ്ട് തരിപ്പ് ഉണ്ടായി എന്ന് പഠിക്കാനായി ട്രാൻസ്ഫോമറിൽ നിന്നും അൽപ്പം അകലെ താഴ്ത്തിയ സ്പൈക്കിലേക്ക് ഫ്യൂസ് വയർ വഴി വൈദ്യുതി കടത്തി വിട്ടു. ഫ്യൂസ് പോയില്ല. ടെസ്റ്റർ വെച്ച് സ്പൈക്കിൽ നോക്കിയപ്പോൾ വൈദ്യുതി ഉള്ളതായും കണ്ടെത്തി. എന്നാൽ സ്പൈക്ക് ട്രാൻസ്ഫോമറിന്റെ ന്യൂട്രൽ എർത്തിന്റെ അരികിലേക്ക് താഴ്ത്തി നോക്കിയില്ല. അങ്ങിനെയെങ്കിൽ ഏത് അകലത്തിലാണ് ഫ്യൂസ് പോകുന്നതെന്ന് മനസ്സിലാക്കാനാവുമായിരുന്നു .

ഇതിൽ നിന്നും ടിയാൻ എത്തി ചേർന്ന നിഗമനം സ്പൈക്ക് ശരിയല്ല എന്നാണ്. ഇത് തെറ്റായ നിഗമനമായിരുന്നു. യഥാർത്ഥത്തിൽ കടലിനോട് ചേർന്നുള്ള ടി പ്രദേശത്തെ മണ്ണിന്റെ ഘടന, ട്രാൻസ്ഫോമറിന്റെ എർത്തിംഗ് ശരിയല്ലാത്തത്, എർത്ത് റെസിസ്റ്റിവിറ്റി ഇവ മൂലമാണ് സ്പൈക്കിൽ വൈദ്യുതി വന്നത്. ഈ നിലയിൽ സ്പൈക്കിൽ വൈദ്യുതി വന്നത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്തത് സോഷ്യൽ മീഡിയായിൽ ഇക്യൂ പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതിയെപ്പറ്റി ഞങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് ചെയ്തു എന്ന് വന്നത് എന്റെ അറിവോടെയല്ലന്നും ടി വിഷയത്തിൽ ഞാൻ വ്യക്തത വരുത്താമെന്നും സബ് എഞ്ചിനിയർ യോഗത്തിൽ അറിയിച്ചു. ഈ കാര്യങ്ങൾ ശരിയാണന്നും മറ്റ് ഓഫിസർമാരും യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തുടർന്ന് നടന്ന ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

- ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ ഒരു ടീമിനെ നിയോഗിച്ച് കടലിനോട് ചേർന്നുള്ള ടി പ്രദേശത്തെ ട്രാൻസ്ഫോമറിന്റെ എർത്തിംഗ് റെസിസ്റ്റിവിറ്റി പരിശോധിക്കണം. പൈലറ്റായി ഒരു ട്രാൻസ്ഫോമറിനു ആവശ്യമായ അധിക എർത്ത് നൽകി എർത്ത് റെസിസ്റ്റൻസ് നിർദ്ദിഷ്ടളവിൽ ആക്കുകയും എൽ റ്റി പോസ്റ്റുകളിലും ഈ നിലയിൽ ചെയ്ത് എർത്ത് റെസിസ്റ്റൻസ് നിർദ്ദിഷ്ടയളവിൽ ആക്കണം.

- ജീവനക്കാരുടെ ഇടയിൽ ഉണ്ടായ ആശങ്ക അകറ്റാനായി ചീഫ് സേഫ്റ്റി ഓഫീസർ എല്ലാ സെക്ഷനിലും ഇക്യൂ പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതിയെപ്പറ്റി ഡെമോൺസ്ട്രേഷൻ അടക്കമുള്ള പരിശീലനം ഏപ്രിൽ ആദ്യ വാരം തന്നെ സംഘടിപ്പിക്കണം. ആയതിനു സർക്കിൾ തലത്തിൽ സേഫ്റ്റി ഓഫീസേർസിനും മറ്റ് ToT മാർക്കും ആയി മാസ്റ്റർ ട്രയിനിംഗ് നടത്തണം.

- ചീഫ് സേഫ്റ്റി കമ്മീഷണർ ഏപ്രിൽ മാസ്സം ഒരു ദിവസ്സം രാവിലേയും ഉച്ചക്കുമായി രണ്ട് സെഷനായി ഇരിഞ്ഞാലക്കട സർക്കിളിലെ മുഴുവൻ ജീവനക്കാർക്കുമായി സേഫ്റ്റി ശിൽപ്പശാല സംഘ്ടിപ്പിക്കും..

- സാങ്കേതികമായ കാര്യങ്ങളിൽ ജീവനക്കാർ സംശയം ഉന്നയിക്കുമ്പോൾ സേഫ്റ്റി ഓഫീസറും, അസി എഞ്ചിനിയറും അവർ പഠിച്ചിട്ടുള്ള എഞ്ചിനിയറിംഗ് വൈദഗ്ദ്ധ്യത്തോടെ പരിഹാരം കാണാൻ ശ്രമിക്കണം..

- സബ് എഞ്ചിനിയറുടെ പ്രവർത്തിയെ ഗുരുതരമായി കാണുന്നു. ജോലി സമയത സുരക്ഷിതത്തിനായിട്ടാണു. വൈദ്യുതി ലൈൻ ഓഫ് ചെയ്യുവാനുള്ള അധികാരം സബ എഞ്ചിനിയർക്ക് നൽകിയിട്ടുള്ളത്. ഉപഭോക്തക്കൾക്ക് വൈദ്യുതി തടസ്സമുണ്ടാക്കിയു അപകടകരമായ നിലയിൽ വൈദ്യുതി ഭൂമിയിലേക്ക് കടത്തി വിട്ടും, ഉള്ള സബ എഞ്ചിനിയറുടെ പ്രവർത്തി വളരെ ഗൗരവതരമായി കാണുന്നു. ഇത്തരം പഠന അനിവാര്യമാണങ്കിൽ ബോർഡിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച മേലധികാരിയുടെ സാന്നിദ്ധ്യത്തിൽ സ്വയം വിശ്വേദിക്കാനുതകുന്ന ഉപകരണങ്ങളടക്ക എല്ലാ സുരക്ഷയും പാലിച്ച് വേണം നടത്തുവാൻ.

- ഡിവിഷൻ എക്സി എഞ്ചിനിയർ ഒരു ടീമിനെ നിയോഗിച്ച് കടലിനോട് ചേർന്നുള്ള ട പ്രദേശത്തെ ട്രാൻസ്ഫോമറിന്റെ എർത്തിംഗ് റെസിസ്റ്റിവിറ്റി പരിശോധിക്കണം പൈലറ്റായി ഒരു ട്രാൻസ്ഫോമറിനു ആവശ്യമായ അധിക എർത്ത് നൽകി എർത്ത റെസിസ്റ്റൻസ് നിർദ്ദിഷ്ടളവിൽ ആക്കുകയും എൽ റ്റി പോസ്റ്റുകളിലും ഈ നിലയിൽ ചെയ്ത് എർത്ത് റെസിസ്റ്റൻസ് നിർദ്ദിഷ്ട യളവിൽ ആക്കണം.

- ജീവനക്കാരുടെ ഇടയിൽ ഉണ്ടായ ആശങ്ക അകറ്റാനായി ചീഫ് സേഫ്റ്റി ഓഫീസർ എല്ലാ സെക്ഷനിലും ഇക്യു പൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതിയെപ്പറ്റി ഡെമോൺസ്ട്രേഷൻ അടക്കമുള്ള പരിശീലനം ഏപ്രിൽ ആദ്യ വാരം തന്നെ സംഘടിപ്പിക്കണം. ആയതിനു സർക്കിൾ തലത്തിൽ സേഫ്റ്റി ഓഫീസേർസിനും മറ്റ് ToT മാർക്കും ആയി മാസ്റ്റർ ട്രയിനിംഗ് നടത്തണം.

- ചീഫ് സേഫ്റ്റി കമ്മീഷണർ ഏപ്രിൽ മാസ്സം ഒരു ദിവസ്സം രാവിലേയും ഉച്ചക്കുമായി രണ്ട് സെഷനായി ഇരിഞ്ഞാലക്കട സർക്കിളിലെ മുഴുവൻ ജീവനക്കാർക്കുമായി സേഫ്റ്റി ശിൽപ്പശാല സംഘടിപ്പിക്കും..

- സാങ്കേതികമായ കാര്യങ്ങളിൽ ജീവനക്കാർ സംശയം ഉന്നയിക്കുമ്പോൾ സേഫ്റ്റി ഓഫീസറും, അസി എഞ്ചിനിയറും അവർ പഠിച്ചിട്ടുള്ള എഞ്ചിനിയറിംഗ് വൈദഗ്ദ്ധ്യത്തോടെ പരിഹാരം കാണാൻ ശ്രമിക്കണം..

- സബ് എഞ്ചിനിയറുടെ പ്രവർത്തിയെ ഗുരുതരമായി കാണുന്നു.ജോലി സമയത്ത് സുരക്ഷിതത്തിനായിട്ടാണു വൈദ്യുതി ലൈൻ ഓഫ് ചെയ്യുവാനുള്ള അധികാരം സബ് എഞ്ചിനിയർക്ക് നൽകിയിട്ടുള്ളത്. ഉപഭോക്തക്കൾക്ക് വൈദ്യുതി തടസ്സമുണ്ടാക്കിയും, അപകടകരമായ നിലയിൽ വൈദ്യുതി ഭൂമിയിലേക്ക് കടത്തി വിട്ടും, ഉള്ള സബ് എഞ്ചിനിയറുടെ പ്രവർത്തി വളരെ ഗൗർവതരമായി കാണുന്നു. ഇത്തരം പഠനം അനിവാര്യമാണങ്കിൽ ബോർഡിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ച് മേലധികാരിയുടെ സാന്നിദ്ധ്യത്തിൽ സ്വയം വിശ്വേദിക്കാനുതകുന്ന ഉപകരണങ്ങളടക്കം എല്ലാ സുരക്ഷയും പാലിച്ച് വേണം നടത്തുവാൻ.

ഓഫീസ് മേധാവിയായ അസി എഞ്ചിനിയർ അസി എക്സി എഞ്ചിനിയർക്ക് അയക്കാനായി തയ്യാറാക്കിയ കത്ത് അസി എഞ്ചിനിയർ ഒപ്പിടും മുൻപ് സോഷ്യൽ മീഡിയ വഴി പൊതു ചർച്ചക്കായി സബ് എഞ്ചിനിയർ അയച്ചു. ഇത് ഔദ്യോഗിക നടപടിക്രമങ്ങളുടെ ലംഘനമാണു. ആയതിനാൽ മേൽ പരാമർശിച്ച കൃത്യവിലോപം വരുത്തിയ ടിയാനെതിരെ ഉചിതമായ അച്ചടക്ക നടപടി ഡിവിഷൻ എക്സി എഞ്ചിനിയർ സ്വീകരിക്കണം..

യോഗം 4.30 PM ന് അവസാനിച്ചു.

ചീഫ് സേഫ്റ്റി കമ്മീഷണർ.